**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 665** **11-06-2024 - ൽ മറുപടിയ്ക്ക്**

**വീട് നിർമ്മാണത്തിനായി ഡവലപ്പ്മെന്റ് പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വീട് നിർമ്മാണത്തിന് ചെറിയ അളവിൽ മണ്ണെടുക്കുക, കല്ല്, പാറ എന്നിവ പൊട്ടിക്കുക എന്നിവയ്ക്കായി ഡവലപ്പ്മെന്റ് പെർമിറ്റ് എടുക്കുന്നതിന് പൊതുജനങ്ങൾ പ്രയാസം അനുഭവിക്കുന്ന വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. വീട് നിർമ്മാണത്തിന്റെ ഭാഗമായി 150 മെട്രിക് ടൺ വരെയുള്ള മണ്ണ്, കല്ല്, പാറ എന്നിവ നീക്കം ചെയ്യുന്നതിന് ഡെവലപ്മെന്റ് പെർമിറ്റ് ഇല്ലാതെ തന്നെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങൾ, 2023 ലെ ചട്ടം 104 നോട്ട് 2 പ്രകാരം അനുമതി നൽകി വരുന്നു. |
| (ബി) | വീട് നിർമ്മാണത്തിന് വേണ്ടി ഉപയോഗിക്കുന്ന സ്ഥലങ്ങൾക്ക് വേഗത്തിൽ ഇത്തരം അനുമതി ലഭിക്കാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | വീട് നിർമ്മാണത്തിന് വേണ്ടി ഉപയോഗിക്കുന്ന സ്ഥലങ്ങൾക്ക് വേഗത്തിൽ ഇത്തരം അനുമതി ലഭ്യമാക്കുന്നതിനായാണ് പ്ലിന്ത് ഏരിയ 3000 ചതുരശ്ര അടിക്ക് താഴെയുള്ള കെട്ടിട നിർമ്മാണങ്ങൾക്കായി മണ്ണ് നീക്കം ചെയ്യുന്നതിനായുള്ള അപേക്ഷകളിൽ അനുമതി നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി കൊണ്ട് 2023- ൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വീട് നിർമ്മാണത്തിന് വേണ്ടി ഉപയോഗിക്കുന്ന സ്ഥലങ്ങൾക്ക് വേഗത്തിൽ ഇത്തരം അനുമതി ലഭ്യമാക്കുന്നതിനായാണ് പ്ലിന്ത് ഏരിയ 3000 ചതുരശ്ര അടിക്ക് താഴെയുള്ള കെട്ടിട നിർമ്മാണങ്ങൾക്കായി മണ്ണ് നീക്കം ചെയ്യുന്നതിനായുള്ള അപേക്ഷകളിൽ അനുമതി നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി കൊണ്ട് 2023- ൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ